## മധുരമായ കുട്ടികളെ – ഓർമ്മയുടെ ആധാരം സ്നേഹമാണ്, സ്നേഹത്തിൽ കുറവുണ്ടെങ്കിൽ ഓർമ്മ ഏകരസമായിരിക്കില്ല, മാത്രമല്ല ഓർമ്മയിൽ ഏകരസമില്ലായെങ്കിൽ സ്നേഹം ലഭിക്കില്ല.

**ചോദ്യം** – ആത്മാവിന്റെ ഏറ്റവും പ്രിയപ്പെട്ട വസ്തു ഏതാണ്? അതിന്റെ അടയാളമെന്താണ്?
**ഉത്തരം** – ഈ ശരീരമാണ് ആത്മാവിന്റെ ഏറ്റവും പ്രിയപ്പെട്ട വസ്തു. ശരീരത്തിനോട് ഇത്രയും സ്നേഹമാണ് അത് ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല. ദേഹത്തിനെ രക്ഷിക്കുന്നതിനുവേണ്ടി അനേകം പ്ലാനുകളാണ് ഉണ്ടാക്കുന്നു. ബാബ പറയുന്നു കുട്ടികളെ, ഇത് തമോപ്രധാനമായ മോശമായ ശരീരമാണ്. നിങ്ങൾക്കിപ്പോൾ പുതിയ ശരീരം എടുക്കണം, അതുകൊണ്ട് ഈ പഴയ ശരീരത്തോടുള്ള മമത്വം ഉപേക്ഷിക്കണം. ശരീരബോധം ഉണ്ടാകരുത്, ഇത് തന്നെയാണ് ലക്ഷ്യം.

**ഓം ശാന്തി** – ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ദൈവീക സ്വരാജ്യത്തിന്റെ ഉദ്ഘാടനം നടന്നുകഴിഞ്ഞു. ഇപ്പോൾ തയ്യാറെടുപ്പ് നടന്നു കൊണ്ടിരിക്കുകയാണ് അവിടേക്ക് പോകുന്നതിനുവേണ്ടി. എവിടെയെങ്കിലും ശാഖകൾ തുറക്കുമ്പോഴും പരിശ്രമിച്ച് ഉയർന്ന പദവിയിലിരിക്കുന്ന വ്യക്തിയെക്കൊണ്ട് ഓപ്പണിംഗ് ചെയ്യിക്കാറുണ്ട്. ഇങ്ങനെയുള്ളവരെ കണ്ട് അതിനു താഴെയുള്ള ഉദ്യോഗസ്ഥരെല്ലാവരും വരും. ഗവർണ്ണർ വരുമ്പോൾ വലിയ വലിയ മന്ത്രിമാരും വരാറുണ്ട്. അഥവാ കലക്ടറെയാണ് വിളിക്കുന്നതെങ്കിൽ വലിയ ആളുകൾ വരില്ല. അതുകൊണ്ട് പരിശ്രമിച്ച് വലിയ ആളുകളെത്തന്നെ വരുത്തണം. എങ്ങിനെയെങ്കിലും അവർ ഉള്ളിലേക്ക് വന്നുകഴിഞ്ഞാൽ നിങ്ങൾ അവർക്ക് വഴി പറഞ്ഞുകൊടുക്കൂ. പരിധിയില്ലാത്ത ബാബയിൽനിന്നും പരിധിയില്ലാത്ത സമ്പത്ത് എങ്ങനെയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ മറ്റു മനുഷ്യർക്കാർക്കും ഇതറിയുന്നില്ല. ഭഗവാൻ വന്നുകഴിഞ്ഞു എന്നുള്ളത് നേരിട്ട് പറയരുത്. ഇങ്ങനെ വളരെയധികം പേരും പറയുന്നുണ്ട് – ഭഗവാൻ വന്നു എന്നും, സ്വയത്തെ ഭഗവാനെന്ന് പറയുന്നവരും അനവധിയുണ്ട്. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കണം പരിധിയില്ലാത്ത ബാബ വന്ന് പരിധിയില്ലാത്ത സമ്പത്ത് തന്നുകൊണ്ടിരിക്കുകയാണ് കഴിഞ്ഞ കൽപ്പത്തെപ്പോലെ, ഡ്രാമയുടെ പ്ലാനനുസരിച്ച്. ഈ മുഴുവൻ വരിയും എഴുതണം. ആർക്ക് ഭാഗ്യമുണ്ടോ അവർ എഴുത്ത് വായിച്ച് പരിശ്രമിക്കും. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ പരിധിയില്ലാത്ത ബാബയിൽനിന്നും പരിധിയില്ലാത്ത സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നിശ്ചയബുദ്ധിയുള്ള കുട്ടികളേ വരികയുള്ളു. നിശ്ചയബുദ്ധിയുള്ളവർ തന്നെ പിന്നീട് ചില സമയങ്ങളിൽ സംശയബുദ്ധിയായി മാറും. മുന്നോട്ട് പോകവേ തോൽക്കും. എല്ലായ്പ്പോഴും ഒരു ഭാഗം തന്നെ ജയിക്കുക, തോൽവിയേയില്ല അങ്ങനെ ഒരു നിയമമില്ല. ജയവും പരാജയവും രണ്ടും നടക്കും. യുദ്ധവും 3 പ്രകാരത്തിലാണ് ഉണ്ടാകുന്നത്, ഫസ്റ്റ് ക്ലാസ്സ്, സെക്കന്റ് ക്ലാസ്സ്, തേഡ് ക്ലാസ്സ്. ചിലപ്പോൾ യുദ്ധം ചെയ്യാത്തവർ പോലും കാണുന്നതിനുവേണ്ടി വരാറുണ്ട്. അവരെയും അനുവദിക്കാറുണ്ട്. ഒരുപക്ഷെ അല്പമെങ്കിലും നിറം പിടിച്ച് ഈ സേനയിലേക്ക് വരട്ടെ, എന്തുകൊണ്ടെന്നാൽ ലോകത്തിലുള്ളവർക്ക് അറിയില്ല നിങ്ങൾ മഹാരഥി യോദ്ധാക്കളാണ് എന്നകാര്യം. എന്നാൽ നിങ്ങളുടെ കൈകളിൽ ആയുധങ്ങൾ ഒന്നും തന്നെയില്ല. നിങ്ങളുടെ കൈകളിൽ ആയുധങ്ങൾ ഒരിക്കലും ശോഭിക്കില്ല. പക്ഷേ ബാബ മനസ്സിലാക്കിത്തരുന്നുണ്ടല്ലോ ജ്ഞാനം വാളാണ്, ജ്ഞാനം കഠാരിയാണ്. പക്ഷെ ലോകത്തിലുള്ളവർ അതിനെ സ്ഥൂലമായി മനസ്സിലാക്കി. നിങ്ങൾ കുട്ടികൾക്ക് ബാബ ജ്ഞാനത്തിന്റെ അസ്ത്രശസ്ത്രമാണ് നൽകുന്നത്, ഇതിൽ ഹിംസയുടെ കാര്യമേയില്ല. പക്ഷേ ഇത് മനസ്സിലാക്കുന്നില്ല. ദേവിമാർക്ക് സ്ഥൂലമായ ആയുധങ്ങളെല്ലാം കാണിച്ചിരിക്കുന്നു. അവരെ ഹിംസകരാക്കി മാറ്റി. ഇതാണ് പൂർണ്ണമായും വിവേകശൂന്യം. ബാബക്ക് വളരെ നല്ല രീതിയിൽ അറിയാം ആരെല്ലാം പൂക്കളായി മാറുന്നവരാണ്, ബാബ സ്വയം പറയും പൂക്കൾ മുന്നിൽ ഉണ്ടാകണം. ഉറപ്പാണ് ഇവർ പൂക്കളായി മാറുന്നവരാണ്, ബാബ പേരു പറയില്ല. അല്ലെങ്കിൽ പറയില്ലേ ഞങ്ങളെന്താ മുള്ളായി മാറുന്നവരാണോ! ബാബ ചോദിക്കുകയാണ് നരനിൽനിന്ന് നാരായണനായി ആരു മാറും. അപ്പോൾ എല്ലാവരും കൈ പൊക്കും. സ്വയം മനസ്സിലാക്കാൻ സാധിക്കും ആര് കൂടുതൽ സർവ്വീസ് ചെയ്യുന്നു അവർ ബാബയേയും ഓർമ്മിക്കും. ബാബയോട് സ്നേഹമുണ്ടെങ്കിൽ ഓർമ്മയും അവർക്കാണ് ഉണ്ടാവുക. ഏകരസമായിട്ട് ആർക്കും ഓർമ്മിക്കാൻ സാധിക്കുന്നില്ല. ഓർമ്മിക്കാൻ സാധിക്കാത്തത് അതുകൊണ്ടാണ് സ്നേഹമില്ല. സ്നേഹമുള്ള വസ്തുവിനെ വളരെയധികം ഓർമ്മിക്കാറുണ്ടല്ലോ. കുട്ടികളോട് സ്നേഹമുണ്ടെങ്കിൽ അച്ഛനുമമ്മയും കുട്ടികളെ മടിയിലിരുത്തും. ചെറിയ കുട്ടികൾ പൂവാണ്. നിങ്ങൾ കുട്ടികൾക്ക് ഹൃദയത്തിൽ തോന്നാറില്ലേ ശിവബാബയുടെ അടുക്കൽ പോകണം, ചെറിയ കുട്ടികളോട് ആകർഷണമുണ്ടാകുന്നത് പോലെ. ഉടൻ കുട്ടികളെ എടുത്ത് മടിയിലിരുത്തി

സ്നേഹിക്കും.

പരിധിയില്ലാത്ത ബാബ വളരെ സ്നേഹിയാണ്. എല്ലാ ശുഭമായ മനോകാമനകളും പൂർത്തീകരിച്ചുതരും. മനുഷ്യർക്ക് എന്താ ആവശ്യം? ഒന്നാഗ്രഹിക്കുന്നു ആരോഗ്യം നല്ലതാകണം, ഒരിക്കലും രോഗം വരരുത്. ഏറ്റവും നല്ലതാണ് ആരോഗ്യം. ആരോഗ്യം നല്ലതാണ്, പക്ഷേ ധനം ഇല്ലെങ്കിൽ ആ ആരോഗ്യം കൊണ്ട് എന്തു പ്രയോജനം. പിന്നെ വേണം ധനം, ഇതിലൂടെ സുഖം ലഭിക്കും. ബാബ പറയുകയാണ് നിങ്ങൾക്ക് ആരോഗ്യവും സമ്പത്തും രണ്ടും തീർച്ചയായും ലഭിക്കും. ഇതൊരു പുതിയ കാര്യമല്ല. വളരെ വളരെ പഴയ കാര്യമാണ്. നിങ്ങൾ തമ്മിൽ-തമ്മിൽ കാണുമ്പോഴെല്ലാം ഇങ്ങനെ പറയും. ബാക്കി ഇങ്ങനെ പറയാൻ കഴിയില്ല ലക്ഷക്കണക്കിനു വർഷമായി കോടിക്കണക്കിനു വർഷമായി. നിങ്ങൾക്കറിയാം ഈ ലോകം എപ്പോൾ പുതിയതാകും, എപ്പോൾ പഴയതാകും? നമ്മൾ ആത്മാക്കൾ പുതിയ ലോകത്തിലേക്ക് പോകും പിന്നീട് പഴയ ലോകത്തിലേക്ക് വരും. നിങ്ങളുടെ പേരുതന്നെ ആൾ റൗണ്ടർ എന്നാണ് വച്ചിരിക്കുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങളാണ് ആൾ റൗണ്ടർ. പാർട്ട് അഭിനയിച്ച് അഭിനയിച്ച് വളരെയധികം ജന്മങ്ങളെടുത്ത് അന്തിമത്തിൽ എത്തിച്ചേർന്നു. ആദ്യമാദ്യം ആരംഭത്തിൽ നിങ്ങളാണ് പാർട്ട് അഭിനയിക്കാൻ വരുന്നത്. അതാണ് മധുരമായ ശാന്തിയുടെ വീട്. മനുഷ്യർ ശാന്തിക്കുവേണ്ടി എത്ര പ്രയാസപ്പെടുന്നു. ഇതുപോലും മനസ്സിലാക്കുന്നില്ല നമ്മൾ ശാന്തിധാമത്തിലുള്ളവരായിരുന്നു അവിടെനിന്നും പാർട്ട് അഭിനയിക്കാൻ വന്നവരാണ്. പാർട്ട് പൂർത്തിയായാൽ നമ്മൾ എവിടെനിന്നാണോ വന്നത് അവിടേക്കുതന്നെ തിരിച്ചുപോകും. എല്ലാവരും ശാന്തിധാമത്തിൽനിന്നാണ് വന്നത്. എല്ലാവരുടേയും വീട് ബ്രഹ്മലോകമാണ്, ബ്രഹ്മാണ്ഡം. അവിടെയാണ് എല്ലാ ആത്മാക്കളും വസിച്ചിരുന്നത്. രുദ്രനെപ്പോലും എത്ര വലിയതായിട്ടാണ് ഉണ്ടാക്കിയിരിക്കുന്നത് അണ്ഡാകൃതിയിൽ. ആത്മാവ് എത്രയോ ചെറുതാണെന്ന കാര്യം അറിയുന്നില്ല. നക്ഷത്രം പോലെയാണെന്ന് പറയും, എങ്കിലും പൂജിക്കുന്നത് വലിയതിനെന്നെയാണ്. നിങ്ങൾക്കറിയാം ഇത്രയും ചെറിയ ബിന്ദുവിനെ പൂജിക്കാൻ സാധിക്കില്ല. പൂജ ആരുടെയാണ് ചെയ്യേണ്ടത്, വലിയ രൂപങ്ങളുണ്ടാക്കും പൂജിക്കും, പാൽ ഒഴിക്കാറുണ്ട്. വാസ്തവത്തിൽ ശിവൻ അഭോക്താവാണ്. എന്തിനാണ് ശിവലിംഗത്തിൽ പാൽ കൊണ്ടുപോയി ഒഴിക്കുന്നത്? പാലു കുടിച്ചാൽ ഭോക്താവായി മാറിയില്ലേ. ഇത് അത്ഭുതമാണ്. എല്ലാവരും പറയും ബാബ നമ്മുടെ അവകാശിയാണ്, ഞങ്ങൾ ബാബയുടെ അവകാശിയാണ്, എന്തുകൊണ്ടെന്നാൽ ഞങ്ങൾ ബാബയിൽ അർപ്പണമായി. എങ്ങനെയാണോ പിതാവ് കുട്ടികളിൽ അർപ്പണമായി മുഴുവൻ സമ്പത്തും കുട്ടിക്ക് കൊടുത്ത് സ്വയം വാനപ്രസ്ഥത്തിലേക്ക് പോകുന്നു, ഇവിടെ നിങ്ങൾ മനസ്സിലാക്കി ബാബയിൽ നിന്നും എത്രത്തോളം സമ്പാദ്യം ഉണ്ടാക്കുന്നോ അത്രത്തോളം നമ്മൾ സുരക്ഷിതമായി. പാടാറുണ്ടല്ലോ ചിലരുടെത് മണ്ണിനടിയിൽ പോകും.... നിങ്ങൾ കുട്ടികൾക്കറിയാം ഒന്നും അവശേഷിക്കില്ല. എല്ലാം ഭസ്മമാകും. വിമാനം വീണു, വിനാശം സംഭവിച്ചു, അപ്പോൾ കള്ളൻമാർക്ക് എല്ലാ സമ്പത്തും ലഭിച്ചു, ഇങ്ങനെയല്ല. എന്നാൽ കള്ളന്മാർ പോലും ഇല്ലാതാകും. വിനാശ സമയത്ത് മോഷണം പോലും ഇല്ലാതാകും. ഇല്ലായെങ്കിൽ വിമാനം വീണുകഴിഞ്ഞാൽ ആദ്യമാദ്യം എല്ലാ സമ്പത്തും കൊള്ളക്കാരുടെ കൈകളിൽ വരും. പിന്നെ അവർ അതിനെ കാടുകളിൽ കൊണ്ടുപോയി ഒളിപ്പിച്ചുവക്കും. സെക്കന്റിൽ ജോലി ചെയ്യും. പല പ്രകാരത്തിലാണ് മോഷണം ചെയ്യുന്നത്- ചിലർ റോയലായി ചിലർ റോയൽറ്റി ഇല്ലാതെ. നിങ്ങൾക്കറിയാം ഇതെല്ലാം വിനാശമാകാനുള്ളതാണ്. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും അധികാരിയായി മാറും. നിങ്ങൾക്ക് ഒന്നും തിരയേണ്ടതായി വരില്ല. നിങ്ങൾ വളരെ ഉയർന്ന വീടുകളിൽ പോയി ജന്മമെടുക്കും. പൈസയുടെ ആവശ്യം വരില്ല. രാജാക്കന്മാർക്ക് ഒരിക്കലും പൈസ നേടണം എന്ന ചിന്ത ഉണ്ടായിരിക്കില്ല. ദേവതകൾക്ക് ഒട്ടും ഉണ്ടായിരിക്കില്ല. ബാബ നിങ്ങൾക്ക് ഇത്രയും നൽകുകയാണ് നിങ്ങളിൽ നിന്ന് ആരും ഒരിക്കലും മോഷ്ടിക്കുകയോ അസൂയപ്പെടുകയോ പോലും ചെയ്യില്ല. നിങ്ങൾ പൂർണ്ണമായും പൂക്കളായി മാറുന്നവരാണ്. മുള്ളും പൂവുമുണ്ടല്ലോ. ഇവിടെ എല്ലാവരും മുള്ളുകളാണ്. ആർക്ക് വികാരമില്ലാതെയിരിക്കാൻ സാധിക്കില്ലയോ അവരെ തീർച്ചയായും മുള്ളെന്നാണ് പറയുക. രാജാവു മുതൽ എല്ലാവരും മുള്ളുകളാണ്. ബാബ പറയുകയാണ് ഞാൻ നിങ്ങളെ ഈ ലക്ഷ്മീനാരായണനെപ്പോലെയാക്കി മാറ്റുന്നു. അതായത് രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നു. മുള്ളുകൾ പൂക്കളായവരുടെ മുന്നിൽ ശിരസ്സ് കുനിക്കും. ഈ ലക്ഷ്മീനാരായണൻ വിവേകശാലിയല്ലേ. ബാബ മനസ്സിലാക്കിത്തരികയാണ് സത്യയുഗത്തിലുള്ളവരെ മഹാരാജാവെന്നും, ത്രേതായുഗത്തിലുള്ളവരെ രാജാവെന്നും പറയുന്നു. വലിയ വ്യക്തിയെ പറയും മഹാരാജാവെന്ന്, ചെറിയ വരുമാനക്കാരെ പറയും രാജാവെന്ന്. മഹാരാജാവിന്റെ രാജസദസ്സാണ് ആദ്യം ഉണ്ടാവുക. പദവി പ്രകാരമാണല്ലോ. കസേരകൾ പോലും നമ്പർവൈസായി ലഭിക്കും. മനസ്സിലാക്കൂ, വരാനുള്ളവരല്ല പക്ഷേ വന്നുവെങ്കിൽ അവർക്ക് ആദ്യം കസേര കൊടുക്കും. ആദരവ് കൊടുക്കും.

നിങ്ങൾക്കറിയാം നമ്മുടെ മാല തയ്യാറാവുകയാണ്. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലേ ഉള്ളു വേറെ

ആരുടെ ബുദ്ധിയിലും ഇല്ല. രുദ്ര മാലയെടുത്ത് ജപിക്കാറുണ്ടല്ലോ. നിങ്ങളും ജപിച്ചിരുന്നു. അനേകമന്ത്രങ്ങൾ ജപിച്ചിരുന്നു. ബാബ പറയുന്നു ഇതെല്ലാം ഭക്തിയാണ്. ഇവിടെ ഒരാളെയാണ് ഓർമ്മിക്കേണ്ടത്. ബാബ വിശേഷിച്ചും പറയാറുണ്ട് – മധുര മധുരമായ ആത്മീയ കുട്ടികളെ, ഭക്തിമാർഗ്ഗത്തിൽ ദേഹാഭിമാനം കാരണം നിങ്ങൾ എല്ലാവരേയും ഓർമ്മിച്ചിരുന്നു, ഇപ്പോൾ എന്നെ മാത്രം ഓർമ്മിക്കൂ. ഒരു ബാബയെ ലഭിച്ചതിനാൽ എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ബാബയെ ഓർമ്മിക്കൂ. എങ്കിൽ വളരെ സന്തോഷമുണ്ടാകും. ബാബയെ ഓർമ്മിക്കുന്നതിലൂടെ മുഴുവൻ വിശ്വത്തിന്റേയും ചക്രവർത്തി പദവി ലഭിക്കും. എത്രയും സമയം കുറയുന്നുവോ അത്രയും കൂടുതൽ കൂടുതൽ ബാബയെ ഓർമ്മിക്കൂ. ദിനം പ്രതിദിനം മുന്നേറിക്കൊണ്ടിരിക്കും. ആത്മാവ് ഒരിക്കലും ക്ഷീണിക്കുന്നില്ല. ശരീരം കൊണ്ട് മലയെല്ലാം കയറുമ്പോൾ ക്ഷീണിക്കും. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ ഒരിക്കലും ക്ഷീണിക്കുന്നില്ല. സന്തോഷവും ഉണ്ടായിരിക്കും. ബാബയെ ഓർമ്മിച്ച് മുന്നോട്ട് പോകൂ. പകുതി കൽപ്പത്തോളം കുട്ടികൾ പരിശ്രമിച്ചു ശാന്തി ധാമത്തിലേക്ക് പോകുന്നതിനുവേണ്ടി. ലക്ഷ്യം ഒന്നും ഉണ്ടായിരുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ പരിചയമുണ്ട് ഭക്തിമാർഗ്ഗത്തിൽ ആർക്കുവേണ്ടിയാണോ ഇത്രയും ചെയ്തത്, ആ ആൾ പറയുന്നു ഇപ്പോൾ എന്നെ ഓർമ്മിക്കൂ. നിങ്ങൾ ആലോചിക്കൂ ബാബ ശരിയാണോ പറയുന്നത് അതോ അല്ലേ? മനുഷ്യർ മനസ്സിലാക്കുന്നത് വെള്ളത്തിലൂടെ പാവനമായി മാറുമെന്നാണ്. വെള്ളം ഇവിടെയും ഉണ്ടല്ലോ ഇത് എന്താണ് ഗംഗജലമാണോ? അല്ല, മഴ പെയ്യുമ്പോൾ എല്ലാം കൂടി ഒരുമിക്കുന്ന ജലം വെള്ളച്ചാട്ടത്തിലൂടെ വന്ന് കൊണ്ടിരിക്കും, ആ വെള്ളത്തെ ഗംഗാജലമെന്ന് പറയില്ല. ഒരിക്കലും നിൽക്കുന്നില്ല-പ്രകൃത്യാ ഉള്ളതാണ്. മഴ നിന്നാലും വെള്ളം വന്നുകൊണ്ടേയിരിക്കും. വൈഷ്ണവർ എല്ലായ്പ്പോഴും കിണർ വെള്ളമാണ് കുടിക്കുന്നത്. ഒരു ഭാഗത്ത് മനസ്സിലാക്കുന്നു പവിത്രമാണെന്ന്. മറുഭാഗത്ത് പതിതത്തിൽനിന്ന് പാവനമായി മാറുന്നതിനുവേണ്ടി ഗംഗാസ്നാനം ചെയ്യാൻ പോകുന്നു. ഇതിനെയാണ് അജ്ഞാനമെന്ന് പറയുക. മഴവെള്ളം നല്ലതാണ്. ഇതും ഡ്രാമയുടെ അത്ഭുതമെന്ന് പറയപ്പെടുന്നു. ഈശ്വരന്റെ സ്വാഭാവികമായ അത്ഭുതമാണ്. ബീജം എത്ര ചെറുതാണ് അതിൽനിന്നുണ്ടാകുന്ന വൃക്ഷം എത്ര വലുതാണ്. നിങ്ങൾക്കറിയാം ഭൂമി വരണ്ടുണങ്ങിക്കഴിഞ്ഞു. അതിന് ശക്തിയില്ല, ഒന്നിലും തന്നെ സ്വാദുണ്ടായിരിക്കില്ല. നിങ്ങൾ കുട്ടികൾക്ക് ബാബ ഇവിടെ എല്ലാം അനുഭവം ചെയ്യിപ്പിക്കുകയാണ് സ്വർഗ്ഗം എങ്ങിനെയുണ്ടായിരിക്കും. ഡ്രാമയിൽ ഇതും അടങ്ങിയതാണ്. കുട്ടികൾക്ക് സാക്ഷാത്കാരം ഉണ്ടായിരിക്കും. സത്യയുഗത്തിലെ ഫലങ്ങളെല്ലാം എത്ര മധുരമുള്ളതായിരിക്കും – നിങ്ങൾ ധ്യാനത്തിൽ കണ്ട് വന്ന് കേൾപ്പിക്കും. ഇവിടെ എന്തെല്ലാം സാക്ഷാത്കാരം ചെയ്യിപ്പിക്കുന്നു അവിടെപ്പോയി എല്ലാം കണ്ണുകൾകൊണ്ട് കാണും, വായിലൂടെ കഴിക്കും. എന്തെല്ലാം സാക്ഷാത്കാരം ചെയ്യുന്നോ അതെല്ലാം ഈ കണ്ണുകളിലൂടെ കാണും, പക്ഷേ പുരുഷാർത്ഥം അനുസരിച്ച്. അഥവാ പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ എന്ത് പദവി ലഭിക്കും? നിങ്ങളുടെ പുരുഷാർത്ഥം നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിനാശത്തിനുശേഷം ലക്ഷ്മീനാരായണന്റെ രാജ്യം ഉണ്ടാകും. നിങ്ങൾക്കറിയാം പാവനമായി മാറാൻ സമയമെടുക്കും. ഓർമ്മയാകുന്ന യാത്രയാണ് മുഖ്യം, സഹോദരീസഹോദരനെന്ന് മനസ്സിലാക്കുന്നതിലൂടെ മാറ്റം വരുന്നില്ല എങ്കിൽ പറയുന്നു സഹോദര-സഹോദരനാണെന്ന് മനസ്സിലാക്കൂ. സഹോദരീസഹോദരനാണെന്ന് മനസ്സിലാക്കുന്നതിലൂടെ ദൃഷ്ടി പരിവർത്തനപ്പെടുന്നില്ല. സഹോദര-സഹോദരനെന്ന് കാണുന്നതിലൂടെ ശരീരത്തിലേക്ക് ദൃഷ്ടി പോകില്ല. നമ്മളെല്ലാവരും ആത്മാക്കളാണ് ശരീരമല്ല. എന്തെല്ലാം ഇവിടെ കണ്ടുകൊണ്ടിരിക്കുന്നു അതെല്ലാം വിനാശമാകാനുള്ളതാണ്. ഈ ശരീരം ഉപേക്ഷിച്ച് നിങ്ങൾക്ക് അശരീരിയാകണം. നിങ്ങൾ എങ്ങിനെയാണ് ശരീരമുപേക്ഷിച്ച് പോകേണ്ടത് അത് പഠിക്കുവാൻ വേണ്ടി വന്നിരിക്കുകയാണ്. ലക്ഷ്യമല്ലേ. ശരീരമാണ് ആത്മാവിന് വളരെ പ്രിയപ്പെട്ട വസ്തു. ശരീരമുപേക്ഷിക്കാതിരിക്കുന്നതിനുവേണ്ടി എന്തെല്ലാം പ്ലാനുകൾ തയ്യാറാക്കുന്നു. എങ്ങിനെയും ഈ ശരീരം ഉപേക്ഷിച്ച് പോകാതിരിക്കാൻ ശ്രമിക്കുന്നു. ആത്മാവിന് ഈ ശരീരത്തിനോട് വളരെ വളരെ സ്നേഹമാണുള്ളത്. ബാബ പറയുകയാണ് ഇത് പഴയ ശരീരമാണ്. നിങ്ങളും തമോപ്രധാനം ശരീരവും തമോപ്രധാനം. അതുകൊണ്ടാണ് ദു:ഖങ്ങളും രോഗവും വരുന്നത്. ബാബ പറയുകയാണ് – ഈ ശരീരത്തിനോട് സ്നേഹം വെക്കരുത്. ഇത് പഴയ ശരീരമാണ്. ഇപ്പോൾ നിങ്ങൾക്ക് പുതിയ ശരീരം വാങ്ങിക്കണം. വാങ്ങിക്കാൻ കടയൊന്നും ഉണ്ടായിരിക്കില്ല. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ പാവനമായി മാറൂ. ശരീരവും നിങ്ങൾക്ക് പാവനമായത് ലഭിക്കും. 5 തത്വവും പാവനമായി മാറും. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരികയാണ്. പിന്നെ പറയുന്നു മൻമനാഭവ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം –**

1. നമ്മൾ ശിവബാബയുടെ  അവകാശിയാണ്, ബാബ നമ്മുടേയും അവകാശിയാണ്, ഈ നിശ്ചയത്തിലൂടെ ബാബയിൽ പൂർണ്ണമായും സമർപ്പണമാകണം. എത്രത്തോളം ബാബയിൽ നിന്ന് ശേഖരിക്കുന്നുവോ അത്രത്തോളം സുരക്ഷിതരാകും. പറയാറില്ലേ –ചിലരുടേത് മണ്ണിനടിയിൽ പോകും...

2. മുള്ളിൽനിന്നും ഇപ്പോൾ പൂക്കളായി മാറണം. ഏകരസമാകുന്ന ഓർമ്മയും സേവനത്തിലൂടെയും ബാബയുടെ സ്നേഹത്തിന്റെ അധികാരിയായി മാറണം.  ദിനംപ്രതി ഓർമ്മയുടെ ചുവട് മുന്നേറിക്കൊണ്ടിരിക്കണം.

## വരദാനം – തന്റെ പുരുഷാർത്ഥത്തിന്റെ വിധിയിൽ സ്വയം തന്റെ പുരോഗതിയുടെ അനുഭവം ചെയ്യുന്ന സഫലതയുടെ നക്ഷത്രമായി ഭവിയ്ക്കട്ടെ.

ആരാണോ തന്റെ പുരുഷാർത്ഥത്തിന്റെ വിധിയിൽ സ്വയത്തിന്റെ പുരോഗതി അഥവാ സഫലത അനുഭവം ചെയ്യുന്നത്, അവരാണ് സഫലതയുടെ നക്ഷത്രം. അവരുടെ സങ്കല്പത്തിൽ സ്വയം തന്റെ പുരുഷാർത്ഥത്തെ പ്രതി ഒരിക്കലും എന്താണെന്ന് എനിക്കറിയില്ല, ചെയ്യാൻ സാധിക്കുമോ ഇല്ലയോ എന്നറിയില്ല... ഇങ്ങനെയുള്ള അസഫലതയുടെ അംശമാത്ര പോലും ഉണ്ടാകില്ല. സ്വയത്തെ പ്രതി സഫലത അധികാരത്തിന്റെ രൂപത്തിൽ അനുഭവം ചെയ്യും. അവർക്ക് സഹജമായും സ്വതവേയും സഫലത ലഭിച്ചു കൊണ്ടിരിക്കുന്നു.

## സ്ലോഗൻ – സുഖ സ്വരൂപരായി സുഖം നൽകൂ എന്നാൽ പുരുഷാർത്ഥത്തിൽ ആശീർവ്വാദങ്ങൾ  ശേഖരിക്കപ്പെടുന്നു.